അന്ധ—ബധിര വിദ്യാലയത്തിലെ അദ്ധ്യാപകരുടെ പുതുക്കിയ ശമ്പളസ്കെയിൽ.

*1705. [21] ശ്രീ. ററി. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്ധ—ബധിര വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർക്ക് പുതുക്കിയ ശമ്പളസ്കെയിൽ അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ബി) കുന്നംകുളം അന്ധ—ബധിര വിദ്യാലയത്തിലെ അദ്ധ്യാപകന്മാർക്ക് പുതുക്കിയ സ്കെയിൽ കൊടുക്കാതിരിക്കാൻ കാരണമെന്ത് ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) അന്ധ—ബധിര വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് നിശ്ചിതയോഗ്യതയില്ലാത്തതുകൊണ്ട് പുതുക്കിയ ശമ്പളസ്കെയിൽ അനുവദിച്ചിട്ടില്ല.

(ബി) എ-യുടെ ഉത്തരത്തിൻറെ വെളിച്ചത്തിൽ ശമ്പളം കൊടുക്കാത്തതിൻറെ കാരണം ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ : കുന്നംകുളം അന്ധ—ബധിര വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരിൽ നിശ്ചിതയോഗ്യതയുള്ളവർ ഉണ്ടായിരുന്നിട്ടും പുതുക്കിയ ശമ്പള സ്കെയിൽ അനുവദിച്ചിട്ടില്ലെന്ന അറിയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെയുള്ളതായി അറിവില്ല. ചൂണ്ടിക്കാണിച്ചാൽ അതേപ്പറ്റി അന്വേഷിക്കാം.

തടവുകാർ.

*1706. [22] ശ്രീ. കെ. കുഞ്ഞാമു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേററിലുള്ള ഓരോ ജയിലുകളിലും സബ് ജയിലുകളിലുംകൂടി ആകെ എത്ര തടവുകാരുണ്ട് ;

(ബി) ഇതിൽ പുരുഷന്മാരെത്ര ; സ്ത്രീകളെത്ര; കുട്ടികളെത്ര ;

(സി) ജീവപര്യന്തം ശിക്ഷിക്കപ്പെട്ടവരുടെ എണ്ണമെത്ര ;

(ഡി) കണ്ണൂർ സെൻറർ ജയിലിലെ തടവുകാരിൽനിന്നു ഗവണ്മെൻറിനു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണെന്നു പറയുവാൻ മയമുണ്ടാകുമോ ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) 3,059.

(ബി) പുരുഷന്മാർ — 2,932
സ്ത്രീകൾ — 127
കുട്ടികൾ — ഇല്ല.

(സി) 514.

(ഡി) അവരുടെ അപേക്ഷകൾ താഴെ പറയുന്നവയായിരുന്നു.

(1) ജീവപര്യന്തം തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ടവർക്ക് 7 കൊല്ലത്തിൽ കൂടുതൽ ശിക്ഷയനുഭവിക്കാൻ ഇടവരരുത്.

LIBRARY ARCHIVES Kerala Legislative Assembly